(7) ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന്റെ ശോച്യാവസ്ഥ

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. എന്റെ മണ്ഡലത്തിലെ ഒരു സ്ഥാപനമെന്നുള്ള നിലയിൽ എ.ഐ.ടി.യു.സി-യുടെ പ്രസിഡന്റ് എന്നുള്ള നിലയിലും ഞാൻ ഈ വിഷയം പലപ്പോഴും സഭയിൽ ഉന്നയിച്ചിട്ടുണ്ട്. പുനലൂർ എം.എൽ.എ ശ്രീ. സുപാൽ ഈ വിഷയം സഭയിൽ ഉന്നയിച്ചിട്ടുണ്ട്. മറ്റു യൂണിയനുകളുടെ നേതാക്കൻമാർ ബഹുമാനപ്പെട്ട മന്ത്രിയെ നേരിട്ടുകണ്ട് ഈ പ്രശ്നങ്ങൾ പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ട്. 96-ൽ വി. ആർ.എസ്. നടപ്പിലാക്കിയതിന്റെ ഫലമായി 148 തൊഴിലാളികളെ പിരിച്ചു വിട്ടു. തൊഴിലാളികളുടെ എണ്ണത്തിൽ ഇത്രയും കുറവ് വന്നപ്പോൾ ഫാക്ടറി സുഗമമായി നടക്കുമെന്നാണ് ഞങ്ങൾ എല്ലാവരും പ്രതീക്ഷിച്ചത്. പക്ഷേ അതിന്റെ ഫലമുണ്ടായില്ല. ഇപ്പോൾ പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും വല്ലപ്പോഴും കിട്ടുന്ന റബ്ബർ തടിയാണ് ആകെയുള്ള അസംസ്കൃത വസ്തു. ഫോറസ്റ്റിലെ തടി നിയമപരമായ കുരുക്കിൽപ്പെട്ടു കിടക്കുകയാണ്. റബ്ബർ തടികൊണ്ടുണ്ടാക്കുന്ന ചെക്കേർഡ് പ്ലൈവുഡ് വാങ്ങേണ്ട ഒരേ ഒരു സ്ഥാപനം കെ.എസ്.ആർ.ടി.സി.യാണ്. 30 ലക്ഷത്തോളം രൂപയ്ക്കുള്ള പ്ലൈവുഡ് കമ്പനിയിൽ കെട്ടിക്കിടക്കുകയാണ്. കഴിഞ്ഞ മൂന്നു നാലു മാസമായി തൊഴിലാളികൾക്ക് ശമ്പളം കിട്ടുന്നില്ല. പി.എഫ്., ഇലക്ട്രിസിറ്റി ചാർജ്ജ് ഇതെല്ലാം കുടിശ്ശികയായി അതിന്റെ നോട്ടീസായി കിടക്കുന്നു. 87-ൽ നടപ്പിലാക്കിയ ശമ്പളമാണ് കുടിശ്ശികയാണെങ്കിലും തൊഴിലാളികൾക്ക് ഇപ്പോഴുമുള്ളത്. 13 വർഷങ്ങൾക്കു മുൻപ് നടപ്പിലാക്കിയതാണ്. മക്കളുടെ വിദ്യാഭ്യാസത്തിനും മറ്റു കുടുംബാവശ്യങ്ങൾക്കുമെല്ലാം ഈ തൊഴിലാളികൾ കിടന്നു വലയുകയാണ്. 96-മുതൽ കേൾക്കുന്ന വൈവിദ്ധ്യവൽക്കരണ പദ്ധതി ഇപ്പോഴും ഒരിടത്തും എത്തിയിട്ടില്ല. ഏട്ടിലെ പശുവായി നിൽക്കുന്നു. തൊഴിലാളികളുടേതല്ലാത്ത കുറ്റത്തിന് തൊഴിലാളികൾ പീഡിപ്പിക്കപ്പെടുകയാണ്. ഈ സാഹചര്യത്തിൽ വൈവിദ്ധ്യവൽക്കരണ പദ്ധതി വേഗം നടപ്പിലാക്കുകയും തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാനേജ്മെന്റും ട്രേഡ് യൂണിയൻ നേതാക്കളുമായിട്ട് മന്ത്രി തലത്തിൽ ചർച്ച നടത്തുന്നതിന് ബഹു. മന്ത്രി തയ്യാറാകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, 1997-ൽ 148 തൊഴിലാളികളെ വി.ആർ.എസ്. പ്രകാരം വിട്ട ശേഷം 330 തൊഴിലാളികൾ ഇപ്പോൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. അസംസ്കൃത വസ്തുവായ തടിയുടെ ദൗർലഭ്യമാണ് പ്രവർത്തന മാന്ദ്യത്തിന്റെ പ്രധാന കാരണം. പ്ലൈവുഡിന്റെ വിൽപ്പന മാന്ദ്യവും ഇതിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ ആവശ്യത്തിനുള്ള മുഴുവൻ പ്ലൈവുഡും ആ സ്ഥാപനത്തിൽ നിന്നും വാങ്ങണമെന്ന ധാരണ നിലവിലുണ്ടെങ്കിലും അത് മുഴുവനായിട്ട് നടപ്പാക്കുന്നില്ല. അതിന് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. സാധനങ്ങൾ ഇപ്പോഴും കെട്ടിക്കിടക്കുന്നു. അസംസ്കൃതവസ്തുവായ തടി ലഭ്യമാക്കാൻ വേണ്ടി വനംവകുപ്പിന്റെ മൂന്നാർ ഡിവിഷൻ വർക്ക് പ്ലാൻ വനംവകുപ്പ് ഇൻഡ്യാഗവൺമെന്റിന്റെ ബാംഗ്ലൂരിലുള്ള ചീഫ് കൺസർവേറ്ററുമായിട്ട് സംസാരിച്ചിരിക്കുകയാണ്. അതിന്റെ അനുവാദം താമസംവിനാ ലഭിക്കുമെന്ന് കരുതുന്നു. അത് ത്വരിതപ്പെടുത്താൻ ഞാൻ തന്നെ നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. വൈവിദ്ധ്യവൽക്കരണത്തോടെ ഗ്ലാസ് ഫൈബർ, റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളായ ജനാല തുടങ്ങിയ നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് മൂന്നേമുക്കാൽ കോടി രൂപയുടേത് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. താമസമില്ലാതെ അത് നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആവശ്യമായ തടി കിട്ടുകയും ഈ സ്കീം തുടങ്ങുകയും ചെയ്താൽ അടിയന്തിരമായി ശമ്പളപരിഷ്ക്കരണം നടത്താം. ഇപ്പോൾ കൈയിൽ നിന്നും കാശെടുത്താണ് കൊടുക്കുന്നത്. അവിടത്തെ കാശല്ല. അപ്പോൾ, പലപ്പോഴും ഗവൺമെന്റിൽ നിന്നും കൊടുക്കേണ്ടി വരും. താമസമില്ലാതെ പരിഹാരമുണ്ടാക്കാം.

(8) അശാസ്ത്രീയമായ റബ്ബർ ടാപ്പിംഗ് വഴിയുള്ള മലിനീകരണം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സഭയുടെ മുൻപിൽ കൊണ്ടുവരാനുള്ളത്. ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട തോട്ടവിളകളിൽ ഒന്നാണ് റബ്ബർ. റബ്ബർ ഉൽപ്പാദനത്തിൽ ഇൻഡ്യ ലോകത്ത് നാലാം സ്ഥാനത്താണ് നിൽക്കുന്നത്. ഇതിൽ ഏതാണ്ട് 86 ശതമാനവും ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. 85 ശതമാനവും ചെറുകിട വിഭാഗക്കാരാണ് ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാനത്ത് 8 ലക്ഷം ഹെക്ടർ സ്ഥലത്തായി 220 കോടി റബ്ബർ മരങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 80 ശതമാനവും ആർ.ആർ.11/105 ഇനങ്ങളിൽപ്പെട്ടതാണ്. ഇവയിൽ നിന്നും പാല് ഉൽപ്പാദിപ്പിക്കുന്നത് എത്റേൽ എന്ന രാസവസ്തുവാണ്. ഡൈക്ലോറോ ഈതൈൽ ഫോസ്ഫോറിക് ആസിഡ് എന്ന കൃത്രിമ ഹോർമോൺ ഉപയോഗിക്കുന്നു. ജന്തുക്കളുടെ ഹോർമോൺ സംവിധാനത്തെയും ഉൽപ്പാദനശേഷിയേയും പ്രതികൂലമായി ബാധിക്കുന്ന കടുത്ത വിഷമുള്ളതാണ്; ഈ ഡൈക്ലോറോ ഈതൈൽ ഫോസ്ഫോറിക് ആസിഡ്. ഇത്തരം കൃത്രിമ വസ്തുക്കൾ ദീർഘകാലം നിലനിൽക്കുന്ന രാസവസ്തുക്കളാണ് സ്വാഭാവികമായും വിഘടന പ്രക്രിയ പ്രകൃതിയിൽ തുടർച്ചയായി നിലനിൽക്കുന്നതാണ്. മാരകമായ രോഗങ്ങൾ വിളിച്ചു വരുത്തുന്ന ശൃംഖലയുടെ തലപ്പത്തുതന്നെ പ്രധാനമായിട്ട് ഇപ്പോൾ മനുഷ്യരാണുള്ളത്. മനുഷ്യന്റെ കൊഴുപ്പിലാണ് ഇത് അടിഞ്ഞുകൂടി കിടക്കുന്നത്. പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂട്ടന്റ് വിഭാഗത്തിൽപ്പെട്ട ഓർഗാനോ ഹാലജൻ സംയുക്തങ്ങളിൽ ഒന്നാണ് ഇപ്പോൾ റബ്ബറിനു വേണ്ടി ഉപയോഗിക്കുന്നത്. ഇത് പാരിസ്ഥിതിക വിഷങ്ങളാണ്. മനുഷ്യന്റെ അന്തർഭാഗ ഗ്രന്ഥികളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതും ഗുരുതരമായ രോഗങ്ങൾ മനുഷ്യസമുദായത്തിലാകെ ഉണ്ടാക്കുന്നതുമായ ഒന്നാണ്. കേരളത്തിലെ റബ്ബർ മരങ്ങൾക്കെല്ലാം കൂടി ഒരു തവണ ഉപയോഗിക്കുന്നതിന് 50,000 ലിറ്റർ ആണ് വേണ്ടത്. അങ്ങനെ മൂന്നു തവണ ആയിട്ട് അത് ഉപയോഗിക്കണമെന്നാണ് റബ്ബർ ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളത്. അങ്ങനെ ഉപയോഗിക്കുന്ന മാരകമായ വിഷം കേരളത്തിലെ എല്ലാ ജലാശയങ്ങളിലും വരികയും ജനസമൂഹത്തെ മുഴുവൻ ബാധിക്കുന്ന പ്രശ്നമായിട്ട് അത് ഗുരുതരമായ രീതിയിൽ മുന്നോട്ടു വരികയും ചെയ്യുകയാണ്. റബ്ബർ ബോർഡിന്റെ വിശദീകരണം മാത്രം ഇതിന് മറുപടിയായിട്ടു പറഞ്ഞാൽ സ്വാഭാവികമായിട്ടും ഇതിന്റെ ഗൗരവം പരിശോധനയ്ക്കും പരീക്ഷണത്തിനും വിധേയമാക്കുന്നതല്ല. ഇത് ഗൗരവമായി പരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ റബ്ബർ ബോർഡിൽ

LIBRARY ARCHIVES Kerala Legislative Assembly